നമ്പർ എഫ് 2/27609/16

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി:28/11/2017

Ph.No.0484 2422227 Email ID ddeekm@gmail.com

പ്രേഷകൻ

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
   ഹയർ സെക്കന്ററി, എറണാകുളം
2. വൊക്കേഷണൽ ഹയർ സെക്കന്ററി
   അസിസ്റ്റന്റ് ഡയറക്ടർ
   എറണാകുളം
3. ഡയറ്റ് പ്രിൻസിപ്പൽ, എറണാകുളം
4. ജില്ലാ വിദ്യാഭ്യാസ ആഫീസർ
   ആലുവ/എറണാകുളം/മൂവാറ്റുപുഴ/കോതമംഗലം
5. ജില്ലാ പ്രോജക്ട് ആഫീസർ
   എസ്.എസ്.എ, എറണാകുളം
6. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും
7. ഐ.ടി. @ സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ

സർ,

വിഷയം:- ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ യോഗം-അറിയിപ്പ് നൽകുന്നത് സംബന്ധിച്ച്

സൂചന:- ബഹു.വിദ്യാ. വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശം

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് പൊതു വിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലയിലെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രിൻസിപ്പൽമാരുടെയും ഒരു യോഗം **01/12/2017** വെള്ളിയാഴ്ച ഉച്ചയ്ക്ക് കൃത്യം **2:00** മണിക്ക് പ്രിയദർശിനി

ടൗൺഹാൾ, തോട്ടയ്ക്കാട്ടുകര, ആലുവയിൽ വിളിച്ചു ചേർത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ എല്ലാ ഗവൺമെന്റ്, എയ്ഡഡ് എൽ.പി/യു.പി./എച്ച്.എസ്. പ്രധാനാദ്ധ്യാപകരും എച്ച്.എസ്.എസ്/ വി.എച്ച്.എസ് പ്രിൻസിപ്പൽമാരും പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം ഡയറ്റ് ഫാക്കൽറ്റിമാർ, എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ബി.പി.ഒ. മാർ, ഐ.ടി. സ്കൂൾ മാസ്റ്റർ ട്രയിനർമാർ, എച്ച്.എസ്.എസ്/വി.എച്ച്.എസ്. കോ-ഓർഡിനേറ്റർമാർ, ജോയിന്റ് കോ-ഓർഡിനേറ്റർമാർ എന്നിവരും പങ്കെടുക്കേണ്ടതുണ്ട്. പ്രസ്തുത യോഗത്തിലേക്ക് താങ്കളെ ക്ഷണിക്കുന്നു. അതോടൊപ്പം താങ്കളുടെ കീഴിൽവരുന്ന മേൽപ്പറഞ്ഞവരെ പ്രസ്തുത യോഗത്തിൽ കൃത്യസമയത്തു തന്നെ പങ്കെടുക്കുന്നതിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം

എസ്.ജെ.